# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1599** — **05.02.2019-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം നഗരത്തിൽ ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | തിരുവനന്തപുരം നഗരത്തിൽ ഭൂമിയുള്ള ഭവനരഹിതരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്; | എ | തിരുവനന്തപുരം നഗരസഭയിൽ ഭൂമിയുള്ള ഭവനരഹിതർക്ക് പി.എം.എ.വൈ-ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നുണ്ട്. ആയത് പ്രകാരം ലൈഫ് പദ്ധതിയിൽ കുടുംബശ്രീ നടത്തിയ സർവ്വേ പ്രകാരം 1273 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 356 പേർക്കാണ് പി.എം.എ.വൈ ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി ആനുകൂല്യം നൽകി വരുന്നത്. |
| ബി | ഇതിനായുള്ള ഫണ്ട് ഏത് ഏജൻസിയിൽ നിന്നും എത്ര ശതമാനം പലിശയ്ക്ക് ലഭ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി | പി.എം.എ.വൈ-ലൈഫ് പദ്ധതിയിലുള്ള വീടുകൾക്ക് 4 ലക്ഷം രൂപയാണ് കേരളത്തിൽ ധനസഹായമായി നൽകുന്നത്. ഇതിൽ 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതവും 50,000 രൂപ സംസ്ഥാന വിഹിതവും (matching grant) 2,00,000 രൂപ തദ്ദേശ സ്വയംഭരണ വിഹിതവുമാണ്. തദ്ദേശ സ്വയംഭരണ വിഹിതം ലഭ്യമല്ലാത്തതോ, തികയാത്തതോ ആയ സ്ഥാപനങ്ങൾക്ക് 9.85% പലിശ നിരക്കിൽ ഹഡ്കോയിൽ നിന്നും ലോൺ ലഭ്യമാക്കിയാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ